## I. ഇന്ന് സഭ ജീവനിലുള്ള ക്രിസ്തുവിന്റെ വർധനവാണ്, എന്നാൽ നിത്യമായ ദൈവരാജ്യം ഭരണനിർവഹണത്തിലുള്ള ക്രിസ്തുവിന്റെ വർധനവാണ്

- ക്രിസ്തു സഭ മാത്രമല്ല ദൈവരാജ്യവുമാണ്; സഭയും രാജ്യവും അവന്റെ വർധനവാണ്.
  [Dan. 2:34-35] ..കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു... ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു.

## II. വേദപുസ്തകം ആദ്യം രാജ്യത്തെ അവതരിപ്പിക്കുകയും, അതിനുശേഷം സഭയെ അവതരിപ്പിക്കുകയും ചെയ്യുന്നു; രാജ്യത്തിന്റെ സാന്നിധ്യം സഭയെ ഉളവാക്കുന്നു

- ദൈവജീവൻ ദൈവരാജ്യമാണ്; ദിവ്യജീവൻ രാജ്യമാണ്, ഈ ജീവൻ സഭയെ ഉളവാക്കുന്നു. ജീവൻ അതിന്റെ ഉദ്ദേശ്യം നിവർത്തിക്കത്തക്കവണ്ണം അതിന് നീങ്ങുവാനും, വാഴുവാനും, ഭരിക്കുവാനുമുള്ള ജീവമണ്ഡലമാണ് രാജ്യം, ഈ മണ്ഡലം രാജ്യമാണ്. സുവിശേഷം ദിവ്യജീവനെ കൊണ്ടുവരുന്നു, ഈ ജീവന് അതിന്റെ മണ്ഡലമുണ്ട്, അത് രാജ്യം ആണ്; ദിവ്യജീവൻ അതിന്റെ മണ്ഡലത്തോടുകൂടെ സഭയെ ഉളവാക്കുന്നു. രാജ്യം സഭയുടെ യാഥാർഥ്യമാണ്; അതുകൊണ്ട്, രാജ്യജീവിതത്തെക്കൂടാതെ, നമുക്ക് സഭാജീവിതം നയിക്കുവാൻ കഴിയുകയില്ല. സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം (മത്താ. 5—7) സഭാജീവിതത്തിന്റെ ഉള്ളടക്കമാണ്; രാജ്യത്തിന്റെ യാഥാർഥ്യമില്ലെങ്കിൽ സഭ ശൂന്യമാണ്; സഭയുടെ യാഥാർഥ്യമായ രാജ്യത്തെക്കൂടാതെ, സഭ പണിയപ്പെടുവാൻ കഴിയുകയില്ല. രാജ്യത്തിന്റെ അധികാരം മുഖാന്തരം സഭ നിലവിൽ വരുന്നു. സഭയുടെ കെട്ടുപണി സാധ്യമാകുവാൻ രാജ്യത്തിന്റെ താക്കോലുകൾ നൽകപ്പെടുന്നു. സ്വർഗരാജ്യത്തിന് വിശ്വാസികളുടെ ഒരു കൂട്ടത്തിന്മേൽ അതിന്റെ അധികാരം ഉറപ്പിക്കുവാൻ കഴിയുമ്പോൾ, ആ വിശ്വാസികൾക്ക് സഭയിലേക്ക് പണിയപ്പെടുവാൻ കഴിയും.
  [Matt. 4:23] യേശുവോ അവരുടെ സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ടും രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ടും...
  [Eph. 2:22] അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.
  [Matt. 16:18-19] ..ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും,... സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ...
  [Col. 2:19] ...തലയെ മുറുകെപ്പിടി [ച്ചുകൊണ്ട്] തന്നെ... ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

## III. യഥാർഥ സഭ ഈ യുഗത്തിൽ ദൈവരാജ്യമാണ്; ഇന്ന് വിശ്വാസികൾ സഭയിൽ രാജ്യജീവിതം നയിക്കുന്നു

- കർത്താവായ യേശു സഭയെക്കുറിച്ച് സംസാരിച്ച ഓരോ പ്രാവശ്യവും അവൻ അത് രാജ്യത്തോടുള്ള ബന്ധത്തിൽ പരാമർശിച്ചു; രാജ്യവും സഭയും എത്ര അഗാധമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു; ഈ യുഗത്തിലെ സഭ ദൈവരാജ്യമാണെന്നും, ദൈവരാജ്യം സഭാജീവിതത്തെ സൂചിപ്പിക്കുന്നുവെന്നും, അധികാരത്തിന്റെ ഭാവത്തിൽ, ഈ യുഗത്തിൽ സഭ ദൈവരാജ്യമാണെന്നും ലേഖനങ്ങൾ പരാമർശിക്കുന്നു. എഫെസ്യർ ഹപൗരന്മാർ എന്ന പദം ദൈവരാജ്യത്തെ, ദൈവം തന്റെ അധികാരം പ്രയോഗിക്കുന്ന മണ്ഡലത്തെ സൂചിപ്പിക്കുന്നു. സഭകൾ സ്ഥാപിക്കുന്നതിനുവേണ്ടി പൗലൊസും അന്റെ കൂട്ടുവേലക്കാരും സുവിശേഷ വേലയിൽ ചെയ്തുകൊണ്ടിരുന്നത് ദൈവരാജ്യത്തിനു വേണ്ടിയായിരുന്നു. വെളിപ്പാട് 1:6-ലെ രാജ്യം എന്ന പദം വെളിപ്പെടുത്തുന്നത് എവിടെ സഭയുണ്ടോ അവിടെ ദൈവരാജ്യം ഉണ്ടെന്നാണ്; സഭ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ, ഒരേ സമയം നാം രാജ്യത്തിലും സഭയിലും, നിധിയിലും മുത്തിലും ആണ്.
  [Rom. 14:17] എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

## IV. രാജ്യമായ സഭയിൽ, നാം രാജ്യത്തിന്റെ വാഴ്ചയ്ക്കും, ഭരണത്തിനും, ശിക്ഷണത്തിനും, പ്രയോഗത്തിനും കീഴിലാണ്

- ഇന്ന് സഭ ദൈവരാജ്യമാണെങ്കിലും, നമ്മുടെ സ്വാഭാവിക ജീവനിലായിരിക്കാതെ, നാം ആത്മാവിൽ ജീവിക്കുകയും, നടക്കുകയും നമ്മുടെ ആളത്തം ആത്മാവിൽ ആയിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ യഥാർഥ്യത്തിൽ രാജ്യത്തിൽ ആയിരിക്കുകയുള്ളൂ. ദിവ്യ ത്രിത്വത്തിന്റെ പകർച്ചയിൻ കീഴിലുള്ളവർ എന്ന നിലയിൽ, നാം പക്വത പ്രാപിക്കുന്നതുവരെ ദിവ്യജീവനിൽ വളരുകയും വികാസം പ്രാപിക്കുകയും ചെയ്തുകൊണ്ട് സഭയിൽ രാജ്യജീവിതം നയിക്കണം. [Rom. 8:4] ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ. [Gal. 5:25] ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ, ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം.

## V. സഭ രാജ്യത്തെ കൊണ്ടുവരുന്നു

- രാജ്യത്തെ കൊണ്ടുവരുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി സഭയെ നിലവിലേക്ക് കൊണ്ടുവന്നു. ക്രിസ്തുവിന്റെ വിജയത്തെ നിലനിർത്തുകയും ദൈവത്തിന്റെ രാജ്യത്തെ കൊണ്ടുവരുകയും ചെയ്യുകയാണ് സഭയുടെ ഉത്തരവാദിത്വം. ഭൂമിയിൽ സഭയുടെ വേല ദൈവരാജ്യത്തെ കൊണ്ടുവരികയാണ്; സഭയുടെ എല്ലാ വേലയും ദൈവരാജ്യത്തിന്റെ തത്ത്വത്താൽ ഭരിക്കപ്പെടുന്നു. സ്വർഗത്തിന്റെ ഹിതം താഴെ ഭൂമിയിലേക്ക് കൊണ്ടുവരുന്നതിനും അത് ഭൂമിയിൽ നടപ്പിലാക്കുന്നതിനും സഭ ഉത്തരവാദിയാണ്. സ്വർഗത്തിന്റെ ഭരണത്തിൻ കീഴിലേക്കു വരുന്ന സഭ, സ്വർഗീയ ഭരണത്തിന് അവൾ കീഴ്പ്പെടുന്നതു നിമിത്തം, ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുന്നു. സ്വർഗരാജ്യം സ്ഥാപിക്കപ്പെടുന്നതിനായി ആത്മിക പോരാട്ടത്തിന്റെ ആവശ്യമുണ്ട്.
  [Rev. 11:15] ..അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.
  [Eph. 6:12] എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

## VI. ദൈവരാജ്യത്തെ കൊണ്ടുവരാൻ സഭ പ്രാർഥിക്കണം

- ഇന്ന് സഭാജീവിതത്തിൽ രാജ്യം ഇവിടെയുണ്ടെങ്കിലും, രാജ്യത്തിന്റെ പ്രത്യക്ഷത ഇനിയും വന്നിട്ടില്ല. രാജ്യത്തിന്റെ വരവ് സ്വയമേയല്ല; പ്രാർഥന ഇല്ലെങ്കിൽ രാജ്യത്തിന് വരാൻ കഴിയില്ല; അങ്ങനെ, രാജ്യം വരുന്നതിന് നാം പ്രാർഥിക്കണം. സഭയുടെ പ്രാർഥനയാണ് സാത്താനെ കീഴടക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം. സ്വർഗത്തിന്റെ അധികാരം ഭൂമിയിൽ ആവിഷ്കരിക്കപ്പെടുവാൻ അനുവദിക്കുന്ന, സ്വർഗത്തിന്റെ നിർഗമന മാർഗമായിരിക്കണം സഭ. യഥാർഥ പ്രാർഥന ദൈവത്തിന്റെ രാജ്യം ഭൂമിയിലേക്ക് കൊണ്ടുവരുന്നതിനും ഭൂമിയിൽ അവന്റെ ഹിതം നടപ്പിലാക്കുന്നതിനുമുള്ള ഒരു സംയുക്ത അധ്വാനമാണ്; തന്മൂലം, പ്രാർഥന ഒരു ആത്മിക പോരാട്ടമാണ്.
  [Matt. 6:10] നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

## VII. ദൈവത്തിന്റെ ഹിതത്തെയും അവന്റെ ശത്രുവിനെയും സ്പർശിക്കുന്ന, ദൈവരാജ്യത്തെ എല്ലായ്പോഴും തങ്ങളുടെ മുമ്പാകെ വയ്ക്കുന്നവരാണ് ദൈവത്തിന്റെ കൈകളിൽ ഏറ്റവും ഉപയോഗമുള്ള വേലക്കാർ